No.CEE/4050/2016/KEAM-2017/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

## 2017 ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം: നീറ്റ് ഫലം സമർപ്പിക്കുന്നതിനും പുതുതായി അപേക്ഷിക്കുന്നതിനും അവസരം

2017-18 അദ്ധ്യയന വർഷം കേരളത്തിലെ സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം സി.ബി.എസ്.ഇ ലഭ്യമാക്കിയിട്ടുള്ള "നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ്" (**NEET-UG**) 2017 സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും നടത്തുന്നത്. കൂടാതെ ആയൂർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയും പ്രവേശനം നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലസ്റ്റിൽ നിന്നും ആയിരിക്കും. **കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയൂർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ നീറ്റ് 2017 ഫലം പ്രവേശനപ്പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.** മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്കായി നീറ്റ് 2017 ഫലം പ്രവേശനപ്പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനും അതോടൊപ്പം നീറ്റ് പരീക്ഷയിൽ യോഗ്യത നേടിയെങ്കിലും പ്രവേശനപ്പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ ഇതിനോടകം സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും **2017 ജൂലായ് 2 മുതൽ 6 വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സൗകര്യം ലഭ്യമാകുന്നതാണ്.

### I. മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി ഇതിനോടകം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ

സംസ്ഥാനത്തെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിക്കുകയും, സി.ബി.എസ്.ഇ നടത്തിയ നീറ്റ് പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾ അവരുടെ നീറ്റ് ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2017-Candidate Portal**–ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച്

**'NEET Details Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുക. അതിനുശേഷം നീറ്റ് റോൾ നമ്പർ , നീറ്റ് ആപ്ലിക്കേഷൻ നമ്പർ എന്നിവ നൽകിയാൽ അപേക്ഷകന്റെ ഫോട്ടോ, പേര് എന്നിവയും NEET (UG)-2017-ലെ സ്കോർ, നീറ്റ് ആൾ ഇന്ത്യാ റാങ്ക് എന്നിവയും ദൃശ്യമാകുന്നതാണ്. അപേക്ഷകന്റെ വിവരങ്ങളും നീറ്റ് ഫലം സംബന്ധിച്ച വിവരങ്ങളും പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് നീറ്റ് ഫലം സമർപ്പിക്കാവുന്ന താണ്. **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ മാത്രമെ നീറ്റ് ഫലം സമർപ്പിക്കുന്ന പ്രക്രിയ പൂർത്തിയാകുകയുള്ളൂ. തുടർന്ന് **'Print'** ബട്ടൺ ക്ലിക്ക് ചെയ്ത് **'NEET Result Submission Report'**-ന്റെ പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. ഈ പ്രക്രിയയിൽ അപേക്ഷകർ രേഖകളൊന്നും തന്നെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതോ അപ്ലോഡ് ചെയ്യേണ്ടതോ ഇല്ല.

## II. KEAM 2017 അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോയവർ

KEAM 2017-ലൂടെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി എന്നിവയിലേതെങ്കിലും കോഴ്സിന് അപേക്ഷ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോകുകയും ചെയ്ത അപേക്ഷകർ മെഡിക്കൽ കോഴ്സുകൾ പ്രസ്തുത അപേക്ഷയിൽ കൂടിച്ചേർക്കുന്നതിന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2017-Candidate Portal** ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'Add Course'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്. (കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നിവർക്ക് മാത്രമേ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ). തുടർന്ന് ഹോം പേജിലെ **'NEET Details Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് നീറ്റ് റോൾ നമ്പർ , നീറ്റ് ആപ്ലിക്കേഷൻ നമ്പർ എന്നിവ നൽകിയാൽ അപേക്ഷ കന്റെ ഫോട്ടോ, പേര് എന്നിവയും NEET (UG)-2017-ലെ സ്കോർ, നീറ്റ് ആൾ ഇന്ത്യാ റാങ്ക് എന്നിവയും ദൃശ്യമാകുന്നതാണ്. അപേക്ഷകന്റെ വിവരങ്ങളും നീറ്റ് ഫലം സംബന്ധിച്ച വിവരങ്ങളും പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് നീറ്റ് ഫലം സമർപ്പിക്കേണ്ടതാണ്. **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ മാത്രമെ നീറ്റ് ഫലം സമർപ്പിക്കുന്ന പ്രക്രിയ പൂർത്തിയാകുകയുള്ളൂ. ഇത്തരം അപേക്ഷകരും രേഖകളൊന്നും തന്നെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതോ അപ്ലോഡ് ചെയ്യേണ്ടതോ ഇല്ല.

## III. നീറ്റ് പരീക്ഷയിൽ നിശ്ചിത യോഗ്യത നേടിയിട്ടുണ്ടെങ്കിലും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇതിനോടകം അപേക്ഷകൾ സമർപ്പിക്കാത്തവർ

സി.ബി.എസ്.ഇ നടത്തിയ 2017 ലെ നീറ്റ് പരീക്ഷയിൽ നിശ്ചിത യോഗ്യത നേടിയിട്ടുള ളതും എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് KEAM 2017-ലൂടെ ഒരു കോഴ്സിനും അപേക്ഷ നൽകിയിട്ടില്ലാത്തവരുമായ അപേക്ഷകർക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2017-New Application** എന്ന ലിങ്കിൽ പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചശേഷം അതിന്റെ പ്രിന്റൗട്ട് എടുത്ത് അനുബന്ധ രേഖകൾ സഹിതം **2017 ജൂലൈ 7-ാം തീയതി വൈകുന്നേരം 5**

**മണി**യ്ക്കു മുൻപായി **നേരിട്ടോ, രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ** **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5–ാം നില, ശാന്തിനഗർ, തിരുവനന്തപുരം–695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ച ശേഷം വെബ്സൈറ്റിലെ **KEAM 2017-Candidate Portal**–ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'NEET Details Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുക. തുടർന്ന് മുൻ ഖണ്ഡികയിൽ വിവരിച്ചിട്ടുള്ള രീതിയിൽ നീറ്റ് പരീക്ഷാ ഫലം സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. ഇവർ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം.

അപേക്ഷകർക്ക് മെഡിക്കൽ കോഴ്സുകളിലെയും, അനുബന്ധ കോഴ്സുകളിലെയും പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുന്നതിനായി അവരുടെ നീറ്റ് പരീക്ഷാ ഫലം സമർപ്പിക്കുന്നതിനും, ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടില്ലാത്തവർക്ക് പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും **02.07.2017** മുതൽ **06.07.2017 വൈകുന്നേരം 5 മണി** വരെ മേൽ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും. നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2017–ലെ മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.

മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പ്രവേശത്തിനായി പുതുതായി അപേക്ഷ സമർപ്പിക്കുന്ന ജനറൽ വിഭാഗം വിദ്യാർത്ഥികൾ അപേക്ഷാ ഫീസായി **800 രൂപ**യും, പട്ടിക ജാതി (എസ്.സി) വിഭാഗം വിദ്യാർത്ഥികൾ **400 രൂപ**യും ഒടുക്കേണ്ടതാണ്. പട്ടിക വർഗ്ഗം (എസ്.ടി) വിഭാഗത്തിന് അപേക്ഷാ ഫീസ് ഇല്ല. അപേക്ഷാ ഫീസ് ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ–ചെലാൻ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ഹെഡ്/സബ് പോസ്റ്റോഫീസുകളിലും ഒടുക്കാവുന്നതാണ്.

2017-18 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.07.2017